**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1671 — 14.07.2016-ൽ മറുപടിയ്ക്ക്

## കേളകത്ത് വൈദ്യുതി സബ്-സ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കേളകത്ത് വൈദ്യുതി സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുൻ സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ വ്യക്തമാക്കുവാൻ കഴിയുമോ; പ്രസ്തുത സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി ലഭ്യമാക്കിയിട്ടുണ്ടോ; പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദീകരിക്കുമോ? | (എ) ഉണ്ട്, എന്നാൽ നെടുമ്പായിൽ സബ് സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേയ്ക്കുയർത്തി അവിടെ നിന്നും ലൈൻ വലിച്ച് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രസ്തുത പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിടുമെന്നതിനാൽ മട്ടന്നൂർ സബ് സ്റ്റേഷനിൽ നിന്നും ലൈൻ വലിച്ച് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പദ്ധതി പരിഗണനയിലാണ്. പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി കേളകം മണത്തണയിൽ 43 സെന്റ് സ്ഥലം 28.03.2016 ന് വൈദ്യുതി ബോർഡ് ഏറ്റെടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ച് 18 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ.**